**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2065** **05-02-2026-ൽ മറുപടിയ്ക്ക്**

**കഴക്കൂട്ടം - കൊല്ലം ഐ. ടി. ഇടനാഴി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. മുകേഷ്

ശ്രീ. എം. മുകേഷ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** 2022-23 ലെ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട കഴക്കൂട്ടം-കൊല്ലം ഐ. ടി. ഇടനാഴി പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; ഇതിനായി ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ടോ; പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

**മറുപടി:** കഴക്കൂട്ടം-കൊല്ലം ഐ.ടി കോറിഡോർ പദ്ധതിക്കായി തിരുവനന്തപുരം ജില്ലയിലെ കടുവാപ്പള്ളിയിൽ, വെളിയൂർ,മേൽതോന്നയ്ക്കൽ,ആറ്റിപ്ര/കുളത്തൂർ, കിഴവില്ലം/മാമം, കൊച്ചുവേളി എന്നിവിടങ്ങളിലായി ലാൻഡ് പാഴ്സലുകൾ കണ്ടെത്തുകയും പ്രസ്തുത ഭൂമിയിൽ സ്വകാര്യ സംരംഭകരുടെ നിക്ഷേപം ക്ഷണിച്ചുകൊണ്ട് താൽപര്യപത്രം പ്രസിദ്ധീകരിക്കുകയുമുണ്ടായി. എന്നാൽ അനുയോജ്യരായ താൽപര്യമുള്ള നിക്ഷേപകർ ആരും മുന്നോട്ട് വരാത്തതിനെ തുടർന്ന് ഐ.ടി കോറിഡോർ പദ്ധതിയുടെ ഭാഗമായിതന്നെ കൊല്ലം കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 3 ഏക്കർ 91 സെന്റ് ഭൂമിയിൽ ഒരു ഇൻഡഗ്രേറ്റഡ് ഐ.ടി/ഐ.ടി.ഇ.എസ് + ബിസിനസ് (കൊമേഴ്ഷ്യൽ) പ്രോജക്ട് കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആരംഭിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**